ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തൈക്കാട്, തിരുവനന്തപുരം-14

ഇ-മെയിൽ : director.ims@kerala.gov.in
വെബ്സൈറ്റ് : www.ims.kerala.gov.in
ഫോൺ നം. 0471-2323960

നം. ഡി3-18205/2020/ഡി.ഐ.എം.എസ്.
തീയതി: 24.06.2022

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം:- ഇ.മെ.സ.വകുപ്പ്-ഒളരിക്കര ഇ.എസ്.ഐ. ആശുപത്രിയിൽ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർക്ക് എതിരായ അച്ചടക്ക നടപടി - സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിന് താൽക്കാലിക തീരുമാനം അറിയിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-
1. സ.ഉ (സാധാ) നം-183/2020/തൊഴിലും നൈപുണ്യവും വകുപ്പ് തീയതി : 12.02.2020
2. ഫയൽ നമ്പർ ഇ 1-14047/2020
3. മെമ്മോ നമ്പർ ഇ 1-14047/2020/ഡി.ഐ.എം.എസ് തീയതി : 22.09.2020
4. ഒളരിക്കര ഇ.എസ്.ഐ. ആശുപത്രി സൂപ്രണ്ടിന്റെ 15.12.2020-ലെ ഇ 1-1682/2019 നമ്പർ കത്ത്.
5. 19.04.2021-ലെ ഇതേ നമ്പർ കുറ്റപത്രം
6. 26.10.2021, 21.03.2022 തീയതികളിലെ ഇതേ നമ്പർ കത്തുകൾ.

.......

ഒളരിക്കര ഇ.എസ്.ഐ. ആശുപത്രിയിൽ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസറായി ജോലി ചെയ്തു വരവെ ഡോ.ജോർജ്ജ് മൈക്കിൾ എന്ന താങ്കൾ 11.06.2019 മുതൽ 10.06.2020 വരെ തൃശ്ശൂർ മെഡിക്കൽ കോളേജിൽ സീനിയർ റസിഡൻസി ചെയ്യുന്നതിനായി ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും ടി അവധി കാലാവധി കഴിഞ്ഞ സാഹചര്യത്തിൽ തിരികെ ജോലിയിൽ പ്രവേശിക്കാതിരിക്കുകയും ചെയ്തു. തുടർന്ന് ജോലിയിൽ പുനഃപ്രവേശിക്കുവാൻ വകുപ്പ് മേധാവി താങ്കൾക്ക് മേൽ സൂചന (3) പ്രകാരം നിർദ്ദേശം നൽകിയിരുന്നുവെങ്കിലും താങ്കൾ ടി നിർദ്ദേശം പാലിക്കാതിരിക്കുകയും ജോലിയിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്തു. പ്രൊബേഷൻ കാലയളവിൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നത് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് മതിയായ കാരണമായിരിക്കെയാണ് താങ്കൾ ജോലിക്ക് ഹാജരാകാതിരിക്കുകയുണ്ടായത്. വകുപ്പദ്ധ്യക്ഷയുടെ നിർദ്ദേശവും നിലവിലുള്ള സർക്കാർ ഉത്തരവുകളും സർവ്വീസ് ചട്ടങ്ങളും അവഗണിച്ചുകൊണ്ട് താങ്കൾ അച്ചടക്ക രാഹിത്യവും കൃത്യവിലോപവും തുടർന്നു വരുന്ന സാഹചര്യത്തിൽ ടിയാൾക്കെതിരെ അച്ചടക്കനടപടികൾ ആരംഭിക്കുകയും മേൽ സൂചന (5) പ്രകാരം കുറ്റപത്രം നൽകുകയും ചെയ്തിരുന്നു. എന്നാൽ ടി കുറ്റപത്രം താങ്കൾ കൈപ്പറ്റുകയുണ്ടായില്ല. ടി തപാൽ unclaimed എന്ന് രേഖപ്പെടുത്തി മടങ്ങിവരികയാണ് ഉണ്ടായത്. ഇതിനെ തുടർന്ന് മേൽ സൂചന (6) പ്രകാരം ടി കുറ്റപത്രം പത്രങ്ങളിൽ പ്രസിദ്ധീകരണത്തിന് നൽകിയിരുന്നു. എന്നിട്ടും ടി ഡോ.ജോർജ്ജ് മൈക്കിൾ എന്ന താങ്കൾ പ്രതികരിക്കുകയുണ്ടായില്ല.

ആയതിനാൽ താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

വകുപ്പിന്റെ ടി തീരുമാനം നടപ്പിലാക്കാതിരിക്കുവാൻ എന്തെങ്കിലും ബോധിപ്പിക്കാനുള്ള പക്ഷം ആയത് ഈ നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം മേൽ തീരുമാനത്തിനെതിരെ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ മറ്റൊരറിയിപ്പ് കൂടാതെ പ്രസ്തുത തീരുമാനം സ്ഥിരപ്പെടുത്തുന്നതാണ്.

ഡോ. മാലിനി.എസ്
ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്
ഡോ.ജോർജ്ജ് മൈക്കിൾ
എ.ഐ.എം.ഒ
ഇ.എസ്.ഐ. ആശുപത്രി, ഒളരിക്കര (സൂപ്രണ്ട് മുഖേന)

പകർപ്പ്:-
1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, മദ്ധ്യ മേഖല, എറണാകുളം.
2. സൂപ്രണ്ട്, ഇ.എസ്.ഐ. ആശുപത്രി, ഒളരിക്കര
3. ഫയൽ/സ്റ്റോക്ക് ഫയൽ